## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3452 18.02.2013-ൽ മറുപടിയ്ക്ക്

പ്രസ്സുകളിൽ അധിക വേതന കുടിശ്ശിക

ചോദ്യം

**ശ്രീമതി. ഗീതാ ഗോപി**

(എ) അച്ചടി ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ പ്രസ്സുകളിൽ ഇപ്പോൾ അധികവേതന ജോലി ജീവനക്കാർക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ അധികവേതന തുക യഥാസമയം അനുവദിക്കാറുണ്ടോ;

(ബി) അധികവേതന ജോലി ചെയ്ത വകയിൽ എത്രമാസത്തെ വേതനക്കുടിശ്ശിക ഇപ്പോൾ സർക്കാർ പ്രസ്സുകളിലെ ജീവനക്കാർക്ക് നൽകാനുണ്ട്; വ്യക്തമാക്കുമോ; വിവിധ ജില്ലകളിലെ പ്രസ്സുകൾ തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

മറുപടി

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നൽകാറുണ്ട്; ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അധികവേതന തുക നൽകാറുള്ളൂ.

(ബി) 35 മാസത്തെ അധിക വേതന അലവൻസ് നൽകാനുണ്ട്. വിവിധ ജില്ലകളിലെ പ്രസ്സുകൾ തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| | | |
|---|---|---|
| 1 | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | 2,00,00,000/- രൂപ |
| 2 | ഗവൺമെന്റ് പ്രസ്സ്, എറണാകുളം | 76,86,606/- രൂപ |
| 3 | ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ | 1,36,25,131/- രൂപ |
| 4 | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | 44,52,909/- രൂപ |
| 5 | ഗവൺമെന്റ് പ്രസ്സ്, വയനാട് | 11,51,580/- രൂപ |
| 6 | ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് | 36,82,134/- രൂപ |
| 7 | ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ | 4,23,145/- രൂപ |
| 8 | സർക്കാർ മുദ്ര നിർമ്മാണ ശാല, തിരുവനന്തപുരം | 7,30,085/- രൂപ |
| 9 | സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര | 7,68,696/- രൂപ |
| | **ആകെ** | **5,25,20,286/- രൂപ** |

(മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഓവർടൈം ജോലികൾ ചെയ്തതിനുള്ള കൃത്യമായ തുക കണക്കാക്കിയിട്ടില്ല)

| | | | |
|---|---|---|---|
| (സി) | അധിക വേതന കുടിശ്ശിക എന്നു വിതരണം പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | (സി) | അധിക വേതന കുടിശ്ശിക അനുവദിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ